LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 28, ചൊവ്വ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 1986 ഒക്ടോബർ മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ (ബാക്കറിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കെട്ടിടം സുരക്ഷിതമല്ലാത്തതിനാൽ അദ്ധ്യയനം നിറുത്തി വച്ചിട്ടുള്ള സ്ക്കൂളുകൾ

* 110. [112] ശ്രീ. കെ.പി.എ. മജീദ്:
,, പി.കെ.കെ. ബാവ :
,, പി. സീതിഹാജി :
,, പി.വി. മുഹമ്മദ് :
,, പി.കെ കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടം സുരക്ഷിതമല്ലെന്ന കാരണത്താൽ ഈ അദ്ധ്യയന വർഷം സംസ്ഥാനത്ത് ഏതെങ്കിലും സ്ക്കൂളിൽ അദ്ധ്യയനം നിറുത്തി വച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം സ്ക്കൂളുകളിൽ ;

(സി) ഈ സ്ക്കൂളുകളിൽ അദ്ധ്യയനം തുടരാൻ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) :

(എ) ഗവൺമെൻറിന് കിട്ടിയിട്ടുള്ള റിപ്പോർട്ടനുസരിച്ച് ഈ അദ്ധ്യയനവർഷം ഒരു സ്ക്കൂളിലും അദ്ധ്യയനം നിറുത്തിവച്ചിട്ടില്ല. എന്നാൽ രണ്ട് സ്ക്കൂളുകളിൽ ബദൽ സംവിധാനം ഏർപ്പെടുത്തി ക്ലാസുകൾ നടത്തുന്നുണ്ട്.

(ബി) (1) ഒതളൂർ സൗത്ത്/എ.യു.പി. സ്ക്കൂൾ, മലപ്പുറം വിദ്യാഭ്യാസ ജില്ല.

(2) പടിഞ്ഞാറേമുറി ഗവൺമെൻറ് എൽ.പി. സ്ക്കൂൾ, മലപ്പുറം വിദ്യാഭ്യാസ ജില്ല.

(സി) ഒതളൂർ സൗത്ത് എ.യു.പി. സ്ക്കൂൾ, തൊട്ടടുത്തുള്ള മദ്രസ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. പടിഞ്ഞാറേമുറി ഗവൺമെൻറ് എൽ.പി. എസ്. അദ്ധ്യാപക-രക്ഷകർത്തൃസമിതി പണികഴിപ്പിച്ചിട്ടുള്ള താൽക്കാലിക ഷെഡ്ഡിൽ പ്രവർത്തിക്കുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ.പി.എ. മജീദ് : വിദ്യാലയങ്ങളുടെ കെട്ടിടത്തിന് സമയത്ത് ഫിറ്റ്നസ് നൽകാത്തതുകൊണ്ട് പലയിടത്തും അദ്ധ്യയനം ആരംഭിക്കുവാൻ തന്നെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസ വർഷാരംഭത്തിനുമുമ്പ് എല്ലാ ഗവൺമെൻറ് വിദ്യാലയങ്ങളുടെ കെട്ടിടങ്ങളും സുരക്ഷിതമാക്കുന്നതിനാവശ്യമായ എന്തു മുൻകരുതലുകളാണ് ഭാവിയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി.എം. ജേക്കബ് : അതിന് പ്രത്യേകമായിട്ട് സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷനുണ്ട്. ഓരോ വർഷവും മാർച്ചുമാസം മുപ്പത്തിയൊന്നാം തീയതി ആകുമ്പോഴേക്കും കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ, അത് ഗവൺമെൻറ് സ്ക്കൂൾ കെട്ടിടങ്ങളായാലും പ്രൈവറ്റ് സ്ക്കൂൾ കെട്ടിടങ്ങളായാലും അതിനെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ ബന്ധപ്പെട്ട എഞ്ചിനീയർമാരെ അറിയിക്കണം. അവർ അത് പരിശോധിച്ച് അനന്തര നടപടികൾ പൂർത്തിയാക്കി അടുത്ത അദ്ധ്യയന വർഷമായ ജൂൺ ഒന്നാം തീയതി സ്ക്കൂളുകൾ തുറക്കുമ്പോഴേക്കും അറ്റകുറ്റപ്പണികളെല്ലാം പൂർത്തിയാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ.പി.എ. മജീദ് : ബഹുമാനപ്പെട്ട മന്ത്രി വായിച്ച ലിസ്റ്റിൽ ഉള്ള രണ്ട് വിദ്യാലയങ്ങളും മലപ്പുറം ജില്ലയിലുള്ളതാണ്. കഴിഞ്ഞ തവണ കെട്ടിടമേഞ്ഞ്, ഫിറ്റ്നസ് വാങ്ങി പ്രവർത്തിക്കുന്ന താൽക്കാലികമായി തയ്യാറാക്കിയിട്ടുള്ള ഷെഡ്ഡുകൾക്കുപകരം സ്ഥിരമായി കെട്ടിടം ഉണ്ടാക്കുവാനുള്ള സംവിധാനത്തിന് വല്ല പദ്ധതിയും വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ ഉണ്ടോ ; ഉണ്ടെങ്കിൽ അതിന് പ്രയോറിട്ടി നൽകി പണി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി.എം. ജേക്കബ് : നമ്മുടെ സംസ്ഥാനത്തെ വളരെയേറെ സ്ക്കൂളുകൾക്ക് പുതുതായി കെട്ടിടങ്ങൾ ആവശ്യമായിട്ടുണ്ട്. അതിന് ഒരു സമയബന്ധിത പരിപാടി ആവിഷ്ക്കരിച്ചുകൊണ്ട് താൽക്കാലികമായ ചില ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ഒരു ലക്ഷം രൂപ വീതം അദ്ധ്യാപക-രക്ഷകർത്തൃ സമിതിയെ ഏൽപ്പിച്ച് കെട്ടിടത്തിൻെറ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് പൂർത്തിയാക്കുകയെന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതി ഹാജി : സുരക്ഷിതമല്ലാത്ത സ്കൂളുകൾക്കുപുറമെ തന്നെ സർക്കാർ അനുവദിച്ച പല വിദ്യാലയങ്ങൾക്കും കെട്ടിടമില്ലാത്തതിന്റെ പേരിൽ പീടികവരാന്തയിലും മരച്ചുവട്ടിലുമൊക്കെ ക്ലാസ് നടത്തുന്നത് നിറുത്തുന്നതിനുവേണ്ടി സർക്കാർ വല്ല നടപടിയും സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് പീടിക വരാന്തയിലൊന്നും ക്ലാസ് നടക്കുന്നില്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 474 സ്കൂളുകളുണ്ട്. അതെല്ലാം തന്നെ മലബാർ പ്രദേശങ്ങളിലുള്ളതാണ്. ഗവൺമെൻറ് അതിന് പ്രയോറിട്ടി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഏറ്റവും കൂടുതൽ മുൻഗണന കൊടുത്തിരിക്കുന്നത്, വാടകക്കെട്ടിടങ്ങളിൽ നടക്കുന്ന സ്കൂളുകൾക്ക് കെട്ടിടമുണ്ടാക്കിക്കൊടുക്കുകയെന്നുള്ളതിനാണ്.

ശ്രീ. പി. സീതി ഹാജി : ഇതിന് സർക്കാർ മുൻഗണന കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. കഴിഞ്ഞ കൊല്ലം ഇങ്ങനെ എത്ര സ്കൂളുകൾക്ക് കെട്ടിടങ്ങൾ കെട്ടിയിട്ടുണ്ട് ; ഇക്കൊല്ലം എത്ര സ്കൂളുകൾക്ക് കെട്ടിടങ്ങൾ കെട്ടിയിട്ടുണ്ട്; മലബാർ പ്രദേശങ്ങളിൽ ഇങ്ങനെ എത്ര കെട്ടിടങ്ങൾ കെട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഒരു ലക്ഷം രൂപ വീതം മുടക്കി പണിത സ്കൂളുകളിൽ 262 കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്. അതുപോലെതന്നെ പെർമനൻറ് കൺസ്ട്രക്ഷൻ സ്കീം അനുസരിച്ച് ഏതാണ്ട് അൻപതോളം സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ട്. അതിന്റെ ജില്ലതിരിച്ചുള്ള കണക്ക് എന്റെ കൈയിലില്ല. എങ്കിലും മലബാർ ജില്ലയിൽ ധാരാളം കെട്ടിടങ്ങൾ ഈ സ്കീമനുസരിച്ച് പണിതീർത്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ നില വളരെ അനാഥമാണ്. ബന്ധപ്പെട്ടവർ അത് റിപ്പയർ ചെയ്യുന്നില്ല. ഇതേറെറടുക്കണമെങ്കിൽ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം അക്വയർ ചെയ്യുന്ന പ്രശ്നമുണ്ട്. ഇങ്ങനെയുള്ള ധാരാളം കേസുകൾ മലബാർ പ്രദേശങ്ങളിലുണ്ട്. ഇതിന്റെ സ്ഥിതി വളരെ ദയനീയമാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് മുൻഗണന കൊടുത്ത് സ്ഥലം അക്വയർ ചെയ്ത് ഗവൺമെൻറ് ഏറെറടുത്ത് മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ്; വീട്ടുതരുന്ന കെട്ടിടങ്ങളും സ്ഥലവും കോമ്പൻസേഷൻ കൊടുത്ത് ഏറെറടുക്കാൻ ഗവൺമെൻറ് സന്നദ്ധമാണ്. അതുപോലെ കുറെ സ്ഥലങ്ങളിൽ അക്വിസിഷൻ നടപടികളും ആരംഭിച്ചിട്ടുണ്ട്. 474 സ്കൂളുകളിൽ മുഴുവൻ സ്കൂളുകളും ഒരു വർഷംകൊണ്ടു തന്നെ അക്വയർ ചെയ്യുകയെന്നുള്ളത് വളരെ ശ്രമകരമായ ഒരു ജോലിയാണ്. അത് ഒരു ഷെഡ്യൂൾ അനുസരിച്ച് മുന്നോട്ടു കൊണ്ടുപോകാൻ കഴിയും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : നേരത്തെ ലിസ്റ്റ് വായിച്ചപ്പോഴും കെട്ടിടമില്ലാഞ്ഞതിനു പകരം സൗകര്യമുള്ള കുറെ സ്കൂളുകളുണ്ടെന്ന് പറഞ്ഞു. ഇവിടെ പറഞ്ഞതിലും കൂടുതൽ സ്കൂളുകളുണ്ടെന്നുള്ളതാണ് സത്യം. പല സ്കൂളുകളും കെട്ടിടത്തിന്റെ പേരായ്മകൊണ്ട് നടത്തിക്കൊണ്ടുപോകാൻ വയ്യാത്ത സ്ഥിതിയിലാണ്. ഇതൊരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് പ്രത്യേക പരിഗണന കൊടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

മലബാർ പ്രദേശത്തുള്ള സ്ക്കൂളുകൾക്ക് കെട്ടിടം ഉണ്ടാക്കാനുള്ള എന്തെങ്കിലും ഒരു തീവ്രയത്നപരിപാടിയാവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ഞാൻ ആദ്യം തന്നെ പറഞ്ഞു. മെയിൻറനൻസോ അല്ലെങ്കിൽ മറ്റുള്ള നടപടികളോ പൂർത്തിയാക്കാത്തതുകൊണ്ട് ഒരു സ്ക്കൂളിലും അദ്ധ്യയനം മുടങ്ങിയിട്ടില്ല. എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തി അങ്ങനെയുള്ള ക്ലാസുകളും നടത്തിവരുന്നുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ : പൊളിഞ്ഞു തകരാറായ നിലയിൽ, ഏതവസരത്തിലും കുട്ടികൾക്ക് അപകടമുണ്ടായേക്കാവുന്ന നിലയിൽ ഉള്ള ധാരാളം ഗവൺമെൻറ് സ്ക്കൂളുകളുണ്ട്. ഇങ്ങനെ വാർഷിക മെയിൻറനൻസും റിപ്പയറും നടത്താനായി തിരുവനന്തപുരം ജില്ലയിൽ തന്നെ കഴിഞ്ഞ വർഷത്തിൽ എൺപതിൽ ചില്വാനം സ്ക്കൂളുകളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞു. ഇത്തരം സ്ക്കൂളുകളുടെ മെയിൻറനൻസോ റിപ്പെയറോ നടത്താത്തതുകൊണ്ട് അപകടകരമായ നിലയിലുള്ള സ്ക്കൂളുകൾ അടിയന്തിരമായി റിപ്പെയർ ചെയ്ത് സുരക്ഷിതമാക്കുവാനുള്ള എന്തെങ്കിലും സംവിധാനം ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ ; അടുത്ത ദിവസങ്ങളിൽ കാട്ടാക്കടയിലെ കുളത്തുമ്മൽ ഗവൺമെൻറ് എൽ. പി. സ്ക്കൂൾ കെട്ടിടത്തിൻറെ പൊളിഞ്ഞു തകരാറായ നിലയിലുള്ള ചിത്രങ്ങൾ പത്രങ്ങളിലും മറ്റും വന്നതാണ്. ഇക്കാര്യത്തിൽ മെയിൻറനൻസിനും റിപ്പെയറിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; ഇതിനാവശ്യമായ പണം നൽകാതിരിക്കുകയും ഇക്കാര്യത്തിന് സാംഗ്ഷനുവേണ്ടി വിദ്യാഭ്യാസ വകുപ്പിൽ ചെല്ലുമ്പോൾ സാംഗ്ഷൻ നൽകാതിരിക്കുകയും ചെയ്യുന്നതുമൂലമാണ് പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥൻമാർക്ക് കെട്ടിടങ്ങളുടെ മെയിൻറനൻസ് പണി ചെയ്തു തീർക്കുവാൻ കഴിയാത്തതെന്നുള്ള പരാതിയുണ്ട്. ഇതിനുവേണ്ടി ഗവൺമെൻറ് എന്തു സംവിധാനം സ്വീകരിച്ചു?

ശ്രീ. ടി. എം. ജേക്കബ് : ആവശ്യമായ പണം നൽകാത്തതുകൊണ്ട് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നില്ലെന്നു പറയുന്നത് ശരിയല്ല. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഓലകെട്ടി മേയേണ്ട കൂടുതൽ കെട്ടിടങ്ങളും തിരുവനന്തപുരം ജില്ലയിലാണ് ഉള്ളത്. കഴിഞ്ഞ വർഷം അറ്റകുറ്റ പണികൾക്കും കെട്ടിമേച്ചിലിനു വേണ്ടി രണ്ടേകാൽ കോടി രൂപ ഗവൺമെൻറ് ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 869 സ്ക്കൂൾ കെട്ടിടങ്ങൾ ഓലകെട്ടിമേയേണ്ടതായിട്ട് ഉണ്ടായിരുന്നു. അതുപോലെ അറ്റകുറ്റപ്പണികൾ ആവശ്യമായ 77 സ്ക്കൂളുകളുമുണ്ടായിരുന്നു. അതിൻറെ ആവശ്യത്തിനുള്ള പണം കൊടുത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിൻറെ കാരണം, അദ്ധ്യാപക-രക്ഷകർത്തൃ സമിതിയെ ഏൽപ്പിക്കാൻ സന്നദ്ധമായതാണ്. പല സ്ഥലങ്ങളിലും അവർ മുന്നോട്ടു വരാത്തതുകൊണ്ട് ഇത് ടെൻറർ വിളിക്കേണ്ടിവന്നു. ടെണ്ടർ വിളിക്കുമ്പോൾ, ചെറിയ വർക്കുകളാണെങ്കിൽ അതേറ്റെടുക്കുവാൻ കരാറുക്കാർ തയ്യാറായി മുന്നോട്ടു വരാറില്ല. അങ്ങനെയുണ്ടാകുന്ന കാലതാമസംകൊണ്ടാണ് ചില സ്ഥലങ്ങളിൽ ബുദ്ധിമുട്ടുണ്ടായത്. അദ്ധ്യാപക-രക്ഷകർത്തൃ സമിതി ഇക്കാര്യങ്ങൾ ഏറ്റെടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി സ്ക്കൂൾ കെട്ടിടങ്ങൾ സുരക്ഷിതമാക്കാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : രണ്ടാഴ്ചകൊണ്ടു മുമ്പ് ഞാൻ എന്റെ നിയോജകമണ്ഡലത്തിൽ പോയപ്പോൾ അവിടത്തെ രക്ഷിതാക്കളും വിദ്യാർത്ഥികളും കൂടി ചേർന്ന് ഒരു മെമ്മോറാണ്ടം എനിക്കു തന്നു. അതിനേക്കുറിച്ച് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞു. 1981-ൽ മലമ്പുഴ ഗവൺമെന്റ് ഹൈസ്ക്കൂൾ കെട്ടിടം പണിത് പകുതിയാക്കിയിട്ടിരിക്കുകയാണ്. മഴക്കാലത്ത് വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ സ്ഥലമോ സൗകര്യമോ ഇല്ല. രണ്ടുലക്ഷം രൂപ ചെലവാക്കിയാൽ അതു പൂർത്തിയാക്കാമെന്നാണ് തോന്നുന്നത്. ഇന്നത്തെ സാധന വിലയിൽ അതിലധികം വേണമോയെന്ന് എനിക്കറിയില്ല. ഈ സ്ക്കൂൾകെട്ടിടത്തിന്റെ കാര്യത്തിൽ ഇത്രയും നിരുത്തരവാദപരമായ പെരുമാറിയ ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ എവിടേയും കണ്ടിട്ടില്ല. ഈ കെട്ടിടം നിങ്ങളുടെ ഭരണകാലത്തിന്റെ അവസാനത്തിനുള്ളിലെങ്കിലും പൂർത്തിയാക്കാൻ കഴിയുമോ ?

ശ്രീ. ടി. എം. ജേക്കബ് : മിനിഞ്ഞാന്ന് ഞങ്ങളൊരുമിച്ച് ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ അദ്ദേഹം ഇക്കാര്യത്തെക്കുറിച്ച് എന്നോട് പറഞ്ഞിരുന്നു. ശ്രീ. സീതിഹാജിയും ശ്രീ. കണാരനുമൊക്കെ അതിനു സാക്ഷികളായിരുന്നു. ഞങ്ങളൊന്നിച്ചിരുന്നു ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചു. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ ഒരു സ്ക്കൂൾ കെട്ടിടത്തിന്റെ പണി പകുതിയാക്കി നിറുത്തിയിരിക്കുകയാണെന്നു പറഞ്ഞു. ഇവിടെ വന്നിട്ട് അതിനെക്കുറിച്ച് അന്വേഷിക്കാമെന്നു പറഞ്ഞു, ഇന്നലെ തന്നെ അന്വേഷിച്ചു. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ് : സംസ്ഥാനത്തെ ഗവൺമെന്റ് സ്ക്കൂളുകളുടെ സ്ഥല പരിമിതിയും അപകടനിലയും പരിഗണിച്ചുകൊണ്ട് ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. സ്ക്കീമനുസരിച്ച് സ്ക്കൂൾകെട്ടിടങ്ങൾ പണിയാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളെക്കുറിച്ച് പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : ആർ. എൽ. ഇ. ജി. പി. സ്ക്കീമിൽ ഈ വർഷം 150 സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതിലേക്ക് വിദ്യാഭ്യാസ വകുപ്പിന്റെ വിഹിതമായിട്ട് 21 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇവിടെ 474 സ്ക്കൂളുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അവയെല്ലാം മലബാർ മേഖലയിലാണ്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകളിൽ 262 സ്ക്കൂളുകളുടെ പ്രവർത്തനം കഴിഞ്ഞ വർഷം പൂർത്തിയാക്കി. ഇങ്ങനെ പൂർത്തിയാക്കിയതിൽ മലബാർ മേഖലയിൽ എത്ര സ്ക്കൂളുകളുണ്ട് എന്ന് മന്ത്രി പറഞ്ഞില്ല. മുണ്ടൂർ ഗവൺമെന്റ് എൽ. പി. എസ്. കഴിഞ്ഞ വർഷം 12-6-1986 ന് ആ കെട്ടിടം ഉപയോഗിക്കുവാൻ പാടില്ലെന്ന് അധികൃതർ നിർദ്ദേശിച്ചതനുസരിച്ച് ആ സ്ക്കൂൾ പൂട്ടിയിടുകയുണ്ടായി. ആ പൂട്ടിയിട്ട സ്ക്കൂളുകളുടെ ലിസ്റ്റിൽ ഈ സ്ക്കൂളുകളെ ഉൾപ്പെടുത്തിയിട്ടില്ല. ഇത് നടത്താൻ പാടില്ലെന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 12-6-1986-ന് പൂട്ടിയിടാൻ നിർദ്ദേശം കൊടുക്കുകയും അങ്ങനെ അവ പൂട്ടിയിടുകയും ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

അതിനെതുടർന്ന് രക്ഷിതാക്കളും നാട്ടുകാരും പ്രക്ഷോഭങ്ങൾ നടത്തി കൊണ്ടിരിക്കുകയാണ്. ആ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുവാൻ ആവശ്യമായ എന്തെങ്കിലും നടപടികൾ ഗവൺമെൻറ് എടുത്തോ ? വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് മുൻഗണന കൊടുത്തു കൊണ്ട് കെട്ടിടം ഉണ്ടാക്കുന്നതിന് വേണ്ട നടപടിയെടുക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : ഇതിൽ പ്രധാനപ്പെട്ട ചോദ്യം അദ്ധ്യയനം നിർത്തിവച്ചിട്ടുണ്ടോ എന്നാണ്. ആ സ്കൂളുകളിൽ അദ്ധ്യയനം നിർത്തി വച്ചിട്ടില്ല. ചില സ്ഥലങ്ങളിൽ ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തി ഇൗ കാര്യങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ സ്കൂളുകളെക്കുറിച്ച് പ്രത്യേകം അന്വേഷിക്കാം. ഒരു ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങളിൽ മലബാർ പ്രദേശത്തെ അവഗണിച്ചിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല. 140 നിയോജകമണ്ഡലങ്ങളിലും ഒരുലക്ഷം രൂപ വീതമുള്ള സ്കീമിൽ കെട്ടിടങ്ങൾ ഏറെറടുത്ത് നിർമ്മിച്ചിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കെട്ടിടം ഉണ്ടാക്കി കൊടുക്കുകയെന്നുള്ളത് - പ്രയോറിറിയായി കണക്കിലെടുത്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറെറവും കൂടുതലായി മുൻഗണന കൊടുക്കുന്നത് അങ്ങനെയുള്ള കെട്ടിടങ്ങൾക്കാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർക്കാർ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രയോറിറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നത് ; അങ്ങനെ വല്ല മാനദണ്ഡവുമുണ്ടെങ്കിൽ അത് കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് സർക്കാർ ശ്രദ്ധിക്കാറുണ്ടോ ; സംസ്ഥാനാടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുമ്പോൾ മലബാർ മേഖലയ്ക്ക് പ്രത്യേകം പരിഗണന കൊടുത്ത് വല്ല സംവിധാനവും ഏർപ്പെടുത്താമോ ?

ശ്രീ. ടി. എം. ജേക്കബ് : സ്കൂൾ കെട്ടിടങ്ങളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കൃത്യമായിട്ടുള്ള മാനദണ്ഡം ഉപയോഗിച്ചാണ് അങ്ങനെയുള്ള സ്കൂൾ കെട്ടിടങ്ങൾ തെരഞ്ഞെടുക്കുന്നത്. അതുപോലെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന അവസരത്തിൽ മലബാർ പ്രദേശത്തിന് അർഹമായ പരിഗണന കൊടുത്തിട്ടുണ്ട്. കഴിഞ്ഞ നാല് കൊല്ലത്തിനിടയ്ക്ക് സംസ്ഥാനത്തൊട്ടാകെ പരിശോധിച്ചാൽ മലബാറിനോട് യാതൊരു വിവേചനവും സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ രംഗത്ത് കാണിച്ചിട്ടില്ലെന്ന് മനസ്സിലാകും.

ശ്രീ. വി. ജെ. തങ്കപ്പൻ : സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതുകൊണ്ട് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 474 സ്കൂളുകളുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത്രയും സ്കൂളുകളിൽ വാടക കൊടുക്കുന്നത് ഗവൺമെൻറാണോ ; ആണെങ്കിൽ എത്ര രൂപയാണെന്ന് വെളിപ്പെടുത്താമോ ?

ശ്രീ. ടി. എം. ജേക്കബ് : അതിന് പ്രത്യേകം നോട്ടീസ് ഇല്ലാതെ പറയാൻ കഴിയുകയില്ല.

ശ്രീ. കെ. പി. രാമൻ : സ്വന്തമായി കെട്ടിടങ്ങളില്ലെങ്കിലും വിദ്യാലയങ്ങൾ മുടക്കം കൂടാതെ നടക്കുന്നതിനുവേണ്ടി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഇടയ്ക്കിടയ്ക്ക് ഏക്സംപ്ഷൻ കൊടുക്കാറുണ്ട്. എന്നാൽ ഉദ്ദേശിച്ച സ്ഥലം കിട്ടാത്ത ബുദ്ധിമുട്ട് പല ഭാഗത്തും ഉള്ളതുകൊണ്ട് സ്ഥിരമായിട്ട് ഇത്തരം വിദ്യാലയങ്ങളുടെ കാര്യത്തിൽ ഏക്സംപ്ഷൻ കൊടുക്കുന്നതിനുവേണ്ടി തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർക്കാർ സ്കൂൾ ആരംഭിക്കുമ്പോൾ, നേരത്തെയുള്ള ഒരു വ്യവസ്ഥ, സ്കൂളിന് ആവശ്യമുള്ള സ്ഥലവും കെട്ടിടവും അതിന്റെ സ്പോൺസറിംഗ് കമ്മിറ്റി നൽകണമെന്നാണ്. ആ വ്യവസ്ഥ പൂർത്തിയാക്കിക്കൊള്ളാം എന്നുള്ള കരാർ എഴുതിത്തരുകയും അങ്ങനെ സ്കൂളുകൾ ആരംഭിക്കുകയും ചെയ്യും. അതിനുശേഷം സ്ഥലം തരാതെയും കെട്ടിടങ്ങൾ തരാതെയും ഒഴിഞ്ഞുമാറുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. ഏകദേശം 776 ഓളം സ്കൂളുകൾ ഈ വ്യവസ്ഥകളിൻമേൽ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. അതിൽത്തന്നെ 75-80 ശതമാനം സ്കൂളുകൾ ഈ വ്യവസ്ഥകൾ പൂർത്തിയാക്കാത്തതാണ്. താൽക്കാലികമായ എക്സംപ്ഷൻ അല്ലാതെ പെർമനന്റായിട്ട് എക്സംപ്ഷൻ കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സ്കൂൾ കെട്ടിടങ്ങളുടെ മെയിൻറനൻസിനുവേണ്ടി പണത്തിന് ബുദ്ധിമുട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് തക്കസമയത്ത് പൊതുമരാമത്ത് വകുപ്പിന് പണം കൊടുക്കാത്തതു കാരണം പല സ്കൂൾ കെട്ടിടങ്ങളുടെയും മെയിൻറനൻസ് നടക്കുന്നില്ല. ഉദാഹരണമായി, ഒറപ്പാലം എഡ്യൂക്കേഷൻ ഡിസ്ട്രിക്റ്റിൽപ്പെട്ടതും എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതുമായ ആനക്കര ഹൈസ്കൂൾ, വട്ടയാട് ഹൈസ്കൂൾ കെട്ടിടങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. അതുകൊണ്ട് അവിടെ പലപ്പോഴും ക്ലാസ് നടത്താൻ കഴിയുന്നില്ല. അതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തി ആ ഫണ്ട് തക്ക സമയത്ത് കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : പണം കൂടുതലുള്ളതുകൊണ്ടല്ല അങ്ങനെ പറഞ്ഞത്. പണത്തിന് ബുദ്ധിമുട്ട് ഉണ്ടെങ്കിൽത്തന്നെയും സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി എല്ലാ വർഷവും കൃത്യമായി പണം കണ്ടെത്തുകയും അഗ്രിം പൊതുമരാമത്ത് വകുപ്പിന് ഡിസ്പോസൽ കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കാം. അതുപോലെതന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ച വിദ്യാലയങ്ങളുടെ കാര്യം പ്രത്യേകമായി അന്വേഷിക്കാം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : വളരെ മോശപ്പെട്ട ചില സ്വകാര്യ സ്കൂൾ കെട്ടിടങ്ങൾ പി. ഡബ്ല്യു. ഡി. റേറ്റ് നൽകി നഷ്ടപരിഹാരം കൊടുത്തുകൊണ്ട് ഏറ്റെടുക്കുക എന്ന ഒരു നിർദ്ദേശത്തെപ്പറ്റി ഗവൺമെന്റിന്റെ പ്രതികരണമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : സ്വകാര്യ സ്കൂളുകൾ ഏറ്റെടുക്കുന്നതിന് പല വ്യവസ്ഥകളുമുണ്ട്. അങ്ങനെ ഏറ്റെടുക്കുക എന്ന നടപടിയിലേക്ക് പോകുവാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോൾ 474 സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ നടക്കുന്നു. അതിൽ കുറെ വിട്ടുതരാം എന്ന് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് ഏറ്റെടുക്കാൻ ഗവൺമെൻറ് സന്നദ്ധമാകുന്നുണ്ട്. ചില സ്ഥലങ്ങളിൽ അക്വിസിഷൻ നടപടികളും ആരംഭിച്ചിട്ടുണ്ട്. ഒരു പോളിസി എന്ന നിലയിൽ സ്വകാര്യ വിദ്യാലയങ്ങളും ഏറ്റെടുക്കാൻ ഗവൺമെൻറിന് ബുദ്ധിമുട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ വർഷത്തെ കൊടുങ്കാറ്റുമൂലം കൊയ്ലാണ്ടി പ്രദേശത്ത് നിരവധി സ്കൂളുകൾ കെട്ടിടങ്ങളും വീണു. എൻെറ നിയോജകമണ്ഡലത്തിലെ ബാലുശ്ശേരി, പൂവമ്പായി ഗവൺമെൻറ് ഹൈസ്കൂളുകളും ഇങ്ങനെ വീഴുകയും നിരവധി കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്തു. അത്തരത്തിൽ കെട്ടിടങ്ങൾ വീണാൽ പെട്ടെന്ന് മെയിൻറനൻസ് നടത്താനോ പുതിയ ഷെഡ് കെട്ടി സ്കൂളുകൾ തുടങ്ങാനോ ഇന്ന് യാതൊരു സംവിധാനവും ഇല്ല. ഇതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച രണ്ടു സ്കൂളുകളെ സംബന്ധിച്ച് പ്രത്യേകമായി അന്വേഷിക്കാം. അങ്ങനെ എന്തെങ്കിലും അത്യാഹിതം നടക്കുമ്പോൾ നമ്മൾ ചെയ്യുന്നത് റവന്യൂ ഡിപ്പാർട്ടുമെൻറു വഴി ആക്ഷൻ എടുക്കുക എന്നുള്ളതാണ്. അതിൻെറ നിലവിലുള്ള നടപടിക്രമങ്ങളനുസരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി : ആർ. എൽ. ഇ. ജി. പി. സ്കീം പ്രകാരം പണി തുടങ്ങുന്ന കെട്ടിടങ്ങൾക്ക് മുഴുവൻ സംഖ്യയും കിട്ടാതെ അൻപതു ശതമാനത്തോളം നഷ്ടം സഹിക്കേണ്ടി വരുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പ് ഈ കെട്ടിടങ്ങൾക്കുവേണ്ടിയുള്ള സംഖ്യ നികത്തി കൊടുക്കുകയാണെങ്കിൽ കുറെക്കൂടി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ കഴിയും. അതിനെപ്പറ്റി ഗവൺമെൻറ് പരിഗണിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ആദ്യം 150 കെട്ടിടങ്ങൾ ആർ. എൽ. ഇ. ജി. പി. സ്കീമിൽ പണിയാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. അതിൽ 21 ലക്ഷം രൂപ വിദ്യാഭ്യാസവകുപ്പ് വിഹിതം കൊടുക്കുമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത് ആ കാര്യത്തെ സംബന്ധിച്ചാണ്. കേന്ദ്ര ഗവൺമെൻറ്തന്നെ പുതിയ വിദ്യാഭ്യാസ നയത്തിൻെറ ചർച്ചയിൽ, സംസ്ഥാന ഗവൺമെൻറുകൾക്ക് , നൽകിയിരിക്കുന്ന ഒരു ഉറപ്പുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ഇനിയുള്ള വർഷങ്ങളിൽ ഓരോ സംസ്ഥാനത്തിനും അലോട്ടു ചെയ്യുന്ന, ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. സ്കീമുകളിൽ, അലോട്ടു ചെയ്യുന്ന തുകയുടെ മൂന്നിലൊരു ഭാഗം സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി മാറ്റി വയ്ക്കാമെന്ന് കേന്ദ്ര ഗവൺമെൻറ് സംസ്ഥാന ഗവൺമെൻറുകൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർക്കാർ സ്കൂളുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്തുകൊണ്ട് ഓരോ നിയോജകമണ്ഡലത്തിലും അതുപോലെ എം. എൽ. എ. മാർക്കും ഈരണ്ടു സ്കൂൾ കെട്ടിടം കെട്ടാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. അതിനുവേണ്ട പണമെല്ലാം ഗവൺമെൻറ് ചെലവാക്കും, പി. ടി. എ. മുഖേന കെട്ടിടം കെട്ടും എന്നു പറഞ്ഞു. ഇതിനുമുമ്പും ഞാൻ ഇതിനെപ്പറ്റി ചോദിച്ചപ്പോൾ ഒന്നാമത്തെ കെട്ടിടം കെട്ടിക്കഴിഞ്ഞാൽ രണ്ടാമത്തെ കെട്ടിടം കെട്ടാൻ തുടങ്ങുമെന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

പ്രയോറിറ്റി പ്രകാരം കൊടുത്തിട്ടുള്ളതാണ്. വടകര നിയോജകമണ്ഡലത്തിൽ ഒന്നാമത്തെ സ്കൂൾ കെട്ടിടം കെട്ടിക്കഴിഞ്ഞു, രണ്ടാമത്തെ സ്കൂൾ കെട്ടിടത്തിന് പി. ടി. എ. ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തു. നിരവധി നിയോജകമണ്ഡലങ്ങളിലും സ്ഥിതി അതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തുകൊണ്ടാണ് പ്രയോറിറ്റിയിൽ രണ്ടാം നമ്പർ സ്കൂൾ കെട്ടിടം എടുക്കാത്തത് ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ എം. എൽ. എ. മാരുടെ ഓരോ നിയോജകമണ്ഡലങ്ങളിലും ഈരണ്ടു കെട്ടിടങ്ങൾ വീതം എടുക്കുമെന്നു പറഞ്ഞു. അത് ഒരു സ്കീമിന്റെ ഭാഗമായിട്ടല്ല. എം. എൽ. എ. മാർക്ക് ഒരു റിപ്രസന്റേഷൻ കൃത്യമായിട്ട് കിട്ടണം എന്നുള്ളതുകൊണ്ടാണ്. 262 സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയായതാണ്. കുറെയെണ്ണം പൂർത്തിയാകാനുണ്ട്. ഇനി 150 എണ്ണം എടുക്കുമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. തീർച്ചയായിട്ടും എം. എൽ. എ. മാർ എഴുതിത്തന്ന സ്കൂളുകളായിരിക്കും ആദ്യം എടുക്കുക. അതു കഴിഞ്ഞശേഷമേ മറ്റുള്ളവ എടുക്കുകയുള്ളു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : വളരെ പഴക്കമുള്ള തൃശ്ശൂർ മോഡൽ സ്കൂളിൽ കുറെ സ്ഥലം ഗവൺമെന്റ് ട്രെയിനിംഗ് കോളേജിനും ഗവൺമെന്റ് കോളേജിനും വേണ്ടി ഓക്കുപൈ ചെയ്തുകൊണ്ട് അവരുടേതല്ലാത്ത കുറ്റംകൊണ്ട് വിദ്യാർത്ഥികൾ കഷ്ടപ്പെടുകയാണ്. ഈ സ്ഥല പരിമിതി പരിഹരിക്കുവാൻ അവിടത്തെ രക്ഷാകർത്തൃ സംഘടന ഫണ്ട് കളക്ട് ചെയ്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി ഏതാണ്ട് പകുതിയോളം ആയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ സ്ഥലത്തുവന്ന് പരിശോധന നടത്തിയിട്ടുള്ളതാണ്. അവർ സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചിട്ടുണ്ട്. ആ കാര്യം പ്രത്യേകം പരിഗണിച്ച് സഹായം ചെയ്യാമോ ?

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ പരിഗണന അർഹിക്കുന്ന ഒരു കാര്യമാണ്. അദ്ധ്യാപക രക്ഷാകർത്തൃ സമിതി നിർമ്മാണം പകുതിയാക്കി നിർത്തിയിരിക്കുന്ന ഒരു കെട്ടിടമാണ് അത്. അതിനുവേണ്ടി പ്രത്യേകം സ്കീമൊന്നുമില്ല. എന്നാലും ഇതിനകത്ത് എന്തു ചെയ്യണമെന്നുള്ളത് ഞാൻ പ്രത്യേകം പരിശോധിച്ചിട്ടുണ്ട്. കഴിയുന്നതും, അദ്ധ്യാപക രക്ഷാകർത്തൃ സമിതിയെ സഹായിക്കണം എന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

ശ്രീമതി പി. ദേവൂട്ടി : ഒരു എം. എൽ. എ. യ്ക്ക് അവരുടെ നിയോജകമണ്ഡലത്തിൽ രണ്ടു സ്കൂളുകൾ ആവശ്യപ്പെട്ടുകൊണ്ട് മന്ത്രിക്കു തന്നെ നേരിട്ട് എഴുതിത്തന്നു. എന്റെ മണ്ഡലത്തിലും രണ്ട് സ്കൂളുകൾ ഉണ്ട്. അരേരാളി ഗവൺമെന്റ് സ്കൂളിനും കണ്ണാടിപ്പറമ്പ് ഗവൺമെന്റ് സ്കൂളിനും വേണ്ടി ഞാൻ എഴുതിക്കൊടുത്തു. അതിവർഷം കാരണം കണ്ണാടിപ്പറമ്പ് ഗവൺമെന്റ് സ്കൂളിന്റെ ഒരു ഹാൾ വീണുതകർന്നു. അത് എല്ലാ പത്രങ്ങളിലും വന്നതാണ്. നിരവധി തവണ ഞാൻ മന്ത്രിക്ക് എഴുതിക്കൊടുക്കുകയും ചെയ്തു. സ്കൂൾ മുടങ്ങരുത് എന്നു കരുതി നാട്ടുകാരും സ്ത്രീകളടക്കം കെട്ടുതാലിവരെ അഴിച്ചുകൊടുത്ത് വീറ് പണമുണ്ടാക്കി സ്കൂൾ പൂർത്തിയാക്കി. ഒരു നയാപൈസപോലും ഈ സർക്കാർ തന്നിട്ടില്ല. എന്തുകൊണ്ടാണ് അങ്ങനെ ഒരു സ്കൂളിനോട് അല്ലെങ്കിൽ എന്റെ മണ്ഡലത്തിലെ സ്കൂളിനോട് ഇത്ര കടുത്ത വിവേചനം കാണിച്ചതെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെ അവഗണനയൊന്നും കാണിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്കൂൾ കെട്ടിടം ഒരു ലക്ഷം രൂപയുടെ സ്കീമിൽ ചെയ്തിട്ടുള്ളതാണെങ്കിൽ തീർച്ചയായിട്ടും അതിനുള്ള പണം തരാനുള്ള ഏർപ്പാടുകൾ ചെയ്യാം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റൊരു കെട്ടിടത്തെ സംബന്ധിച്ചിടത്തോളം ഈ 150 സ്കൂളുകൾ ഏറ്റെടുക്കുന്ന കൂട്ടത്തിൽ അത് ഏറ്റെടുക്കുകയും ചെയ്യാം.

ശ്രീ. വി. ദിനകരൻ : കെട്ടിട സൗകര്യമില്ലാത്തതിന്റെ പേരിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ ഉണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? എന്റെ നിയോജകമണ്ഡലത്തിൽ തന്നെ അമ്പലപ്പുഴ ഗവസ്റ്റ് ഹൈസ്കൂളിൽ രണ്ടായിരത്തിലധികം വിദ്യാർത്ഥികളുണ്ട്. അവിടെ ഷിഫ്റ്റ് സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിൽ പ്രയോറിറ്റി കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഈ ഷിഫ്റ്റ് സമ്പ്രദായത്തിലും സെഷണൽ സമ്പ്രദായത്തിലും നടക്കുന്ന സ്കൂളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഗവൺമെന്റിന്റെ ആഗ്രഹം ഷിഫ്റ്റും സെഷണലും സമ്പ്രദായം അവസാനിപ്പിക്കുകയെന്നുള്ളതാണ്. ആവശ്യമുള്ള അക്കോമഡേഷൻ ലഭ്യമാകുന്ന മുറയ്ക്ക് അത് നിറുത്തലാക്കാമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്കൂളിനെക്കുറിച്ച് പ്രത്യേകമായിട്ട് പരിശോധിക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ : വാടക കെട്ടിടങ്ങളേക്കാൾ പരിതാപകരമാണ് സർക്കാരിന്റെ വക കെട്ടിടങ്ങളുള്ള സ്കൂളുകളുടെ സ്ഥിതി. എന്റെ നിയോജകമണ്ഡലത്തിൽ പഴയ കൊച്ചി ഗവൺമെന്റിന്റെ കാലത്തുള്ള ഏറ്റവും പഴക്കംചെന്ന സ്കൂളുകളിൽ ഒന്നാണ് പെരിങ്ങോട്ടുകര ഹൈസ്കൂൾ. അതിന്റെ കെട്ടിടങ്ങൾ പലതും ഇപ്പോൾ ജീർണ്ണിച്ച് തകർന്ന് ക്ലാസ് നടത്താൻ കഴിയാതെ വരുകയാണ്. തൃശ്ശൂർ ജില്ലയിൽ ഏറ്റവും നല്ല റിസൾട്ട് ഉണ്ടാക്കിയിട്ടുള്ള ഹൈസ്കൂളാണ് ചേർപ്പ് ഹൈസ്കൂൾ. അത് പഴയ കൊച്ചി ഗവൺമെന്റിന്റെ ഗ്രാമോദ്ധാരണ പദ്ധതിയിലുള്ള ചില കോഴിക്കൂടുപോലുള്ള കെട്ടിടങ്ങളിൽ നടക്കുന്നു. അപ്പോൾ വർഷങ്ങളായി എസ്റ്റിമേറ്റ്സ് കൊടുത്തിട്ട് ഇതിനൊന്നും സാംഗ്ഷൻ ലഭ്യമായിട്ടില്ല. വെള്ളപ്പൊക്കത്തിന്റെ ഫലമായിട്ട് ഓരോ ലക്ഷം രൂപ ഓരോ മണ്ഡലത്തിനും കൊടുക്കുന്നു. അപ്പോൾ വെള്ളപ്പൊക്കത്തിനെ ആശ്രയിച്ചുകൊണ്ട് ഈ സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് വല്ല പദ്ധതിയുമുണ്ടോ ? അതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി തന്നെ മുമ്പു പറയാറുണ്ട് ഇത് പരിഹരിക്കണമെങ്കിൽ 100 കോടി രൂപയോ മറ്റോ വേണ്ടിവരുമെന്ന്. എത്രയായാലും പുതിയ സ്കൂളുകളും പുതിയ യൂണിവേഴ്സിറ്റികളും അനുവദിക്കുന്നത് ഒന്ന് നിറുത്തിവച്ച് ഇന്നുള്ള പ്രൈമറി സ്കൂളുകളായാലും, ഹൈസ്കൂളുകളായാലും അതിന്റെ കെട്ടിടങ്ങൾ പണിയുന്നതിനും അവിടെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കുന്നതിനുംവേണ്ടിയുള്ള പദ്ധതി ഒരു സമയബന്ധിത പരിപാടി അനുസരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ധേഹത്തിന്റെ ചോദ്യത്തിന്റെ അവസാനഭാഗത്തു പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്. യൂണിവേഴ്സിറ്റി ആരംഭിക്കുന്നതും അല്ലെങ്കിൽ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ ആരംഭിക്കുന്നതും ഇങ്ങനെയുള്ള കാര്യങ്ങൾക്ക് തടസ്സമാവുകയില്ല. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ സ്കൂൾ കെട്ടിടങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ കെട്ടണമെങ്കിൽ ഗവൺമെൻറ് എടുത്തിരിക്കുന്ന കണക്കനുസരിച്ച് 50 കോടി രൂപ വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതാണ് നമുക്ക് ആകെ ആവശ്യമായി വരുന്ന തുക. ഇതിനു വേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ മാറ്റിവയ്ക്കാൻ കഴിഞ്ഞിരിക്കുന്നത്, പ്രൈമറി വിഭാഗത്തിൽ ഒരു കോടി ഇരുപത്തിനാലു ലക്ഷം രൂപയും സെക്കൻററി വിഭാഗത്തിലെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുവേണ്ടി നാൽപ്പത്തിനാലു ലക്ഷം രൂപയുമാണ്. അപ്പോഴും നമ്മുടെ ആവശ്യവുമായി യാതൊരു പൊരുത്തവും അലോട്ടുമെൻറിനു ഇല്ല. അതുകൊണ്ടാണ് ഗവൺമെൻറ് ഒരു കാര്യം ചെയ്തിരിക്കുന്നത്. അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ സഹായത്തോടുകൂടി ഇങ്ങനെയുള്ള സ്കൂളുകളിൽ ബഹുനിലക്കെട്ടിടങ്ങൾ പടുത്തുയർത്തുന്നതിനേക്കാൾ ഉപരിയായി നാല് ക്ലാസ്മുറികൾ വീതമുള്ള സെമി പെർമനൻറ് കൺസ്ട്രക്ഷൻ നടത്തുകയെന്നുള്ളത്. 262 കെട്ടിടങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കുറെ കെട്ടിടങ്ങളുണ്ട്, അതിനു പുറമേ 150 സ്കൂൾ കെട്ടിടങ്ങൾകൂടി ഗവൺമെൻറ് ഏറെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ മിക്കവാറും കുറെ സ്ഥലങ്ങളിലെങ്കിലും അത്യാവശ്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. ഇതിന് മുൻഗണനാക്രമത്തിൽ തന്നെ ഗവൺമെൻറ് നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. ജി. വരദൻ : இடுக்கியில் தேவிகுளம் தாலுகாவில் 4 உயர்நிலை பள்ளிகளில் 3 உயர்நிலை பள்ளிகளின் நிலை மிகவும் மோசம். 4 அப்பர் பிரைமரி பள்ளிகளுக்கு 75,000 ரூபாய் நான்தான் கட்டிவைத்தேன். இதுவரையிலும் கட்டிடம் கட்டத் தொடங்கவில்லை. உயர்நிலை பள்ளிக்காக 3 லட்சம் ரூபாய் ஜனங்களிடம் பிரித்து கட்டிவைத்தேன். இதுவரையிலும் எந்தவிதமான நடவடிக்கைகளும் எடுக்கப்படவில்லை. ஆதிவாசிகளும் அரிஜனங்களும் அதிகமாக உள்ள இடங்கள், அதிலும் தமிழர்கள் அதிகமாக உள்ள இடங்களில் சர்க்காருக்கு எதிர்ப்பு இல்லையென்றால் தேவையான உதவிகளை செய்ய நடவடிக்கை எடுக்கப்படுமா ?

ശ്രീ. ടി. എം. ജേക്കബ് : മൂന്നാറിലെ, അദ്ദേഹം സൂചിപ്പിച്ച സ്കൂളുകളെ സംബന്ധിച്ച് ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇല്ലെന്ന് അദ്ദേഹം പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ അടുത്ത കാലത്തുതന്നെ ഹൈക്കോടതിയിൽ ഇതിനെക്കുറിച്ച് ഒരു കേസ് ഉണ്ടായിട്ടുണ്ട്. അവിടെ മൂന്ന് സ്കൂളുകളിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ സീറോയാണ് അവിടത്തെ പെർസൻേറജ് ഓഫ് പാസ്. അത് റെക്ടിഫൈ ചെയ്യാൻ വേണ്ടിയുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. അവിടെ ആവശ്യമായ കെട്ടിടം നിർമ്മിക്കാനുള്ള നടപടിയും ഗവൺമെൻറ് സ്വീകരിച്ചുവരുകയാണ്. ആവശ്യമായ പരിഗണന അതിന് കൊടുത്തിട്ടുണ്ട്. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കുകയും ചെയ്യാം.

ശ്രീ. നാലകത്ത് സൂപ്പി : നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളുടെ കീഴിൽ നടത്തപ്പെടുന്ന സ്കൂളുകളുണ്ട്. അവ ഇന്ന് പഞ്ചായത്ത് ഡയറക്ടർ ബോർഡില്ലാത്തതുകൊണ്ട് ഉദ്യോഗസ്ഥൻമാർ ശ്രദ്ധിക്കുന്നില്ല. കെട്ടിടങ്ങൾ ഇല്ല, സ്റാഫിനെ നിശ്ചയിക്കുന്നില്ല. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട പഞ്ചായത്ത് സ്കൂളുകൾ ഡിപ്പാർട്ടുമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഏറെറടുക്കാൻ തയ്യാറുണ്ടോ ? ബന്ധപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രി അതിനു വിരോധം കാണിക്കുകയില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ആ കാര്യത്തിൽ എന്തെങ്കിലും നടപടി എടുക്കാൻ തയ്യാറുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : അത് പഞ്ചായത്ത് വകുപ്പുമന്ത്രി ശ്രമിച്ചാൽ നടക്കുന്ന കാര്യമല്ല. കാരണം പഞ്ചായത്ത് സ്കൂളുകൾ എന്നു പറയുന്നത് വിദ്യാഭ്യാസ നയം അനുസരിച്ച് സ്വകാര്യ സ്കൂളുകളേയാണ്. ഓരോ പഞ്ചായത്തുകളിലും അതാത് കാലങ്ങളിൽ ഉണ്ടായിട്ടുള്ള സമിതികളാണ് അവിടെ സ്കൂളുകൾ ആരംഭിക്കാനുള്ള തീരുമാനമെടുത്തിട്ടുള്ളത്. ഇപ്പോൾ പഞ്ചായത്തു ഭരണസമിതി ഇല്ലെങ്കിലും നാട്ടുകാരുടെ ഇൻവോൾവ്മെൻറ് ഇതിനകത്തുണ്ട്. അപ്പോൾ ആ പ്രദേശത്തുള്ള ജനങ്ങൾക്ക് അതിനകത്ത് ബുദ്ധിമുട്ടുണ്ടെങ്കിൽ അങ്ങനെയുള്ള സ്കൂളുകൾ ഏറെറടുക്കാൻ ബുദ്ധിമുട്ടു വരും. സ്വമേധയാ ആളുകൾ തയ്യാറായി മുന്നോട്ടു വന്നാൽ അങ്ങനെയുള്ള സ്കൂളുകൾ ഏറെറടുക്കാൻ ഗവൺമെൻറ് സന്നദ്ധമാണ്.

ശ്രീ. എ. വി. താമരാക്ഷൻ : നമ്മുടെ സംസ്ഥാനത്തുള്ള സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കുറഞ്ഞത് 50 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കേന്ദ്ര ഗവൺമെൻറ് ഈ അടുത്ത കാലത്ത് അംഗീകരിച്ച പുതിയ വിദ്യാഭ്യാസനയത്തിൽ ബ്ലാക്ക് ബോർഡ് ഇല്ലാത്ത സ്കൂളുകൾക്ക് ബ്ലാക്ക് ബോർഡ് കൊടുക്കുന്നതിനും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമൊക്കെ മുൻഗണന കൊടുത്തിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെൻറിൽ നിന്ന് ഈ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും സഹായം കിട്ടാനുള്ള മാർഗ്ഗം ഉണ്ടോ ? സംസ്ഥാന ഗവൺമെൻറ് അതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ ? വേണ്ടവിധത്തിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതൊന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയെന്നുള്ള കാര്യത്തിൽ കേന്ദ്ര ഗവൺമെൻറ് മുൻഗണന കൊടുക്കുന്നുണ്ട്. അതിനകത്ത് ബ്ലാക്ക് ബോർഡിൻെറ കാര്യങ്ങളും മറ്റും പറഞ്ഞിട്ടുണ്ട്. പക്ഷേ കേരളത്തെപ്പറ്റി പറയുമ്പോൾ ഇവിടത്തെ എല്ലാ സ്കൂളുകളിലും ബ്ലാക്ക് ബോർഡുണ്ട്. ഈ വർഷം തന്നെ എല്ലാ സ്കൂളുകളിലും ആവശ്യമായ ഫർണിച്ചറും ഞങ്ങൾ നൽകിക്കഴിഞ്ഞിരിക്കുകയാണ്. കെട്ടിട നിർമ്മാണത്തിൻെറ പ്രശ്നത്തിൽ കേന്ദ്ര ഗവൺമെൻറ് പറഞ്ഞ കാര്യം ഞാൻ ആദ്യം സൂചിപ്പിച്ചു. പുതിയ വിദ്യാഭ്യാസനയത്തിൻെറ അവസാന ചർച്ചകൾ നടന്ന അവസരത്തിൽ കേന്ദ്ര മന്ത്രി തന്നെ സംസ്ഥാന ഗവൺമെൻറിനു നൽകിയിരിക്കുന്ന ഉറപ്പ്, അടുത്ത വർഷം മുതൽ എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. സ്കീമിൽ അലോട്ട് ചെയ്യുന്ന തുകയുടെ മൂന്നിലൊരു ഭാഗം സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പ്രത്യേകമായി മാറിവയ്ക്കാമെന്നും, അങ്ങനെയുള്ള ഒരു നിർദ്ദേശം റൂറൽ ഡിപ്പാർട്ടുമെൻറിനു കൊടുക്കാമെന്നുമാണ്. അങ്ങനെ നമുക്ക് സഹായം ലഭിക്കുകയാണെങ്കിൽ അടുത്ത ഒരു രണ്ടു വർഷക്കാലം കൊണ്ട് സ്കൂൾ കെട്ടിടങ്ങൾക്കുള്ള അപാകത നമുക്ക് പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ : ചില കെട്ടിടങ്ങൾ പെട്ടെന്നു തകർന്നു പോകുന്നതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പല പ്രദേശങ്ങളിലും ഉള്ളതുപോലെ എൻെറ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ തകർന്നുപോയതുകൊണ്ട് ഇപ്പോൾ മരച്ചുവട്ടിലാണ് അദ്ധ്യയനം നടന്നുവരുന്നത്. ഇങ്ങനെയുള്ള സാഹചര്യങ്ങളെ നേരിടുന്നതിന് ഗവൺമെൻറിൻെറ സാമ്പത്തിക പരാധീനത മാറുന്നതിന് സംസ്ഥാന സർക്കാരിൻെറ നേതൃത്വത്തിൽ ഒരു ലോട്ടറി, ഇപ്പോൾ പോലീസിനുവേണ്ടി ഭാഗ്യമാല ലോട്ടറി നടത്തുന്നതുപോലെ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറും ഒരു ലോട്ടറിനടത്തി കിട്ടുന്ന മുഴുവൻ പണവും പെട്ടെന്ന് അത്യാഹിതം സംഭവിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ അടിയന്തിരമായി പണിയുന്നതിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ? അതിന് വിദ്യാഭ്യാസവകുപ്പ് മുൻകൈ എടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : നേരത്തെ ലോട്ടറി നടത്തിയ ഒരു പാരമ്പര്യം വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനുണ്ട്. എനിക്ക് ഓർമയിൽ നിന്ന് പറയാൻ കഴിയുന്നത് അത് അത്ര വിജയകരമായിരുന്നില്ലെന്നാണ്. അതുകൊണ്ട് ശ്രീ. ഹസ്സൻ പറഞ്ഞ നിർദ്ദേശത്തെക്കുറിച്ച് ഒരു കമ്മിറ്റ്മെൻറ് നടത്താൻ ബുദ്ധിമുട്ടുണ്ട്.

ശ്രീമതി റെയിച്ചൽ സണ്ണി പനവേലി : എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട പുതുശ്ശേരി മല സ്ക്കൂളിനു സ്ഥലസൗകര്യമില്ലെന്നു പറഞ്ഞു ഒരു നിവേദനം ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയിട്ടുണ്ട്. അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ? അതുപോലെ തന്നെ എൻെറ നിയോജകമണ്ഡലത്തിൽ രണ്ട് സ്ക്കൂളുകൾ അനുവദിച്ചിട്ടില്ല. എല്ലാ മണ്ഡലത്തിലും സ്ക്കൂളുകൾ അനുവദിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിന് നടപടി വല്ലതുമായോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ പറഞ്ഞ സ്കൂളിനെ സംബന്ധിച്ച് കഴിഞ്ഞ തിങ്കളാഴ്ചയാണെന്നുതോന്നുന്നു എനിക്ക് നിവേദനം തന്നത്. അത് ഞാൻ നോക്കാം. രണ്ട് സ്കൂളുകൾ അനുവദിക്കാമെന്ന് പറഞ്ഞു. അതിനകത്ത് ബഹുമാനപ്പെട്ട മെമ്പറുടെ സ്കൂളുകൾ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലെങ്കിൽ ഇന്നുതന്നെ അതിന് ഓർഡർ തരാം.

ശ്രീ. എസ്. ആർ. തങ്കരാജ് : ഇവിടെ രണ്ട് ഷിഫ്റ്റുള്ള സ്കൂളുകളുടെ കാര്യമാണ് പലരും പരാമർശിച്ചത്. എൻെറ നിയോജകമണ്ഡലത്തിൽ, മൈലയ്ക്കൽ ഗവൺമെൻറ് ഹൈസ്കൂളിൽ മൂന്ന് ഷിഫ്റ്റാണ് നടക്കുന്നത് അവിടെ ഒരു കെട്ടിടം കെട്ടുന്നതിനുള്ള പണി പകുതിയാക്കിയിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുത്ത നിവേദനത്തിന് ഉദ്യോഗസ്ഥൻമാർ എനിക്ക് ഒരു മറുപടി തന്നിട്ടുണ്ട്. പക്ഷേ അതോടൊപ്പംതന്നെ ഈ ഒരു ലക്ഷം രൂപയുടെ സ്കീമിൽ രണ്ട് സെമി പെർമനൻറ് കെട്ടിടങ്ങൾ കെട്ടുന്നതിന് പെരുമ്പഴുതൂർ ഹൈസ്കൂളിനും, ടൗൺ എൽ. പി. എസ്സിനും അനുവാദം തന്നു. അതിന് പി. ടി. എ. അവർ ചേയ്യേണ്ട പണി പൂർത്തിയാക്കി ഷീറ്റുവച്ച് ഫിറ്റു ചെയ്യാത്തതിൻെറ ഫലമായി മൂന്നുമാസം കൊണ്ട് മഴ നനഞ്ഞ് തുരുമ്പെടുത്തിരിക്കുകയാണ്. അത് അടിയന്തിരമായി ഷീറ്റ് വച്ച് ഫിറ്റ് ചെയ്ത് കുട്ടികൾക്ക് പഠിക്കത്തക്ക സൗകര്യമുണ്ടാക്കിക്കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ചേർത്തലയിൽ ഉള്ള ഒരു പൊതുമേഖലാസ്ഥാപനമായ സിൽക്ക് ആണ്. ഇത് സപ്ലൈ ചെയ്യുന്നത്. അവർ കുറച്ച് സ്കൂളുകൾക്ക് ആസ്ബെസ്റോസ് ഷീറ്റ് സപ്ലൈ ചെയ്തിട്ടില്ല. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം അവരെയെല്ലാം കൂടി വിളിച്ചു ഒരു കോൺഫറൻസ് നടത്തിയിരുന്നു. അടിയന്തിരമായി അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കാമെന്ന് അതിന്റെ അടിസ്ഥാനത്തിൽ അവർ ഗവൺമെന്റിനു ഉറപ്പുനൽകിയിട്ടുണ്ട്.

ശ്രീ. കെ. ടി. കരുണാകരൻ : വെള്ളപ്പൊക്ക നിവാരണ പദ്ധതിയനുസരിച്ച് ഒരു ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായിട്ടു കിട്ടിയതിൽ കോഴിക്കോട് ജില്ലയിൽ നാലു കെട്ടിടങ്ങൾ അഡ്ഡീഷണലായിട്ട് അനുവദിച്ചിരുന്നു. ആ നാലു കെട്ടിടങ്ങളിൽ ഉൾപ്പെടുന്ന എന്റെ നിയോജകമണ്ഡലത്തിലെ നാദാപുരം ഗവൺമെന്റ് യു. പി. സ്കൂളിനും ചിക്കോട് ഗവൺമെന്റ് എൽ. പി. സ്കൂളിനും ഇതുവരെ ആസ്ബസ്റ്റോസ് അനുവദിച്ചു കിട്ടിയിട്ടില്ല. ഇപ്പോൾ അവർ ഷെഡ്ഡിലാണ് പഠിക്കുന്നത്. അടിയന്തിരമായി ആസ്ബസ്റ്റോസ് നൽകി ആ കെട്ടിടം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : എനിക്കു തോന്നുന്നത് ഏകദേശം പത്തോ ഇരുപതോ സ്കൂളുകൾക്കാണ് ആസ്ബസ്റ്റോസ് ഷീറ്റ് കിട്ടാത്തതെന്നാണ്. അത് ഞാൻ ഇവിടെയിപ്പോൾ എസ്. ആർ. തങ്കരാജിന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. സിൽക്ക് ആണ് ഇതു സപ്ലൈ ചെയ്യുന്നത്. കിട്ടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിയുന്നതുംവേഗം അതിവിടെ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

ശ്രീ. ടി/ പി. പീതാംബരൻ മാസ്റ്റർ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഹരിജൻ മേഖലയിലുള്ള ഉടയത്തുംവാതിൽ ഗവൺമെന്റ് പ്രൈമറി സ്കൂളിലേക്ക് പോകാൻ ഒരു പൊതു വഴി ഇല്ല. വർഷങ്ങൾക്കുമുൻപ് നാട്ടുകാർ കൊടുത്ത സ്ഥലത്താണ് കെട്ടിടം പണിതിരിക്കുന്നത്. അവിടെ ഒരു വഴിക്കുവേണ്ട സ്ഥലം അക്വയർ ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റിനോട് പന്ത്രണ്ടായിരം രൂപ കെട്ടിവയ്ക്കാൻ പറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ അതുസംബന്ധിച്ച് ഞാനൊരു സബ്മിഷൻ ഉന്നയിക്കുകയും മന്ത്രി ആ കാര്യം ശ്രദ്ധിക്കുന്നതാണെന്ന് മറുപടി പറയുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ആ പൈസ കിട്ടാത്തതു കൊണ്ട് ആ നടപടി പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സ്കൂളിലേക്ക് കുട്ടികൾക്കു പോകാൻ യാതൊരു മാർഗ്ഗവുമില്ല, ദയവു ചെയ്ത് ആ പന്ത്രണ്ടായിരം രൂപ കിട്ടാൻ എന്തെങ്കിലും നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം തന്നെ കഴിഞ്ഞ ദിവസം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. സബ്മിഷനായിട്ട് ഇത് ഇവിടെ വരികയും ചെയ്തിട്ടുണ്ട്. അതിന് നടപടിയെടുത്തിട്ടുണ്ട്. ഞാൻ അതുനോക്കിയിട്ട് കഴിഞ്ഞ ദിവസം തന്നെ അദ്ദേഹത്തോടു പറഞ്ഞതാണ്..

ശ്രീ. പി. കുമാരൻ : എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടി മേഖലയിലും മറ്റു പ്രധാന മേഖലകളിലുമൊക്കെതന്നെ സ്കൂൾ കെട്ടിടങ്ങളുടെ കാര്യത്തിൽ വളരെ പരിതാപകരമായ ഒരു സ്ഥിതിവിശേഷമാണ് ഉള്ളത്. കേരളത്തിൽ മറ്റെവിടെയും ഇതുപോലുള്ള ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. കഴിഞ്ഞ കൊല്ലത്തിൽ രണ്ടു സ്കൂളുകളുടെ സ്കീമിൽപെടുത്തി പുതൂർ ട്രൈബൽ ഹൈസ്കൂളിന് ഒരു കെട്ടിടവും ഒറവശ്ശേരി ഹൈസ്കൂളിന് ഒരു കെട്ടിടവും നിർമ്മിക്കണമെന്ന് മന്ത്രിക്ക് ഞാൻ എഴുതി കൊടുത്തതാണ്. എന്നാൽ രണ്ടും തീരുമാനമെടുക്കാതെ പോകുകയാണുണ്ടായത്. അതുപോലെതന്നെ അഞ്ചല്ലൂർ ഹൈസ്കൂളിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടം പ്രവർത്തി തുടങ്ങിയിട്ടു അഞ്ചെട്ടു കൊല്ലമായി. അത് സംതംഭിച്ചു കിടക്കുകയാണ്. ആ കെട്ടിടത്തിന്റെ ടെൻഡർ കഴിഞ്ഞ് പ്രവർത്തി മുടങ്ങിക്കിടക്കുകയാണ്. ത്തതും അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികളും സ്വീകരിക്കുമോ. ഈ രണ്ടു സ്കൂളുകളുടെ കാര്യവും അടിയന്തിരമായി നടപ്പിലാക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : എല്ലാ നിയോജക മണ്ഡലത്തിലും ധാരാളം സ്കൂളുകൾ ഉണ്ട്. പല സ്കൂളുകൾക്കും പ്രശ്നവും ഉണ്ട്. എല്ലാം പരിഹരിച്ചാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹവുമുണ്ട്. പക്ഷേ നിസ്സഹായകാവസ്ഥ വളരെയേറെ ഉണ്ട്. കഴിയുന്നതും ഈ കാര്യം പരിശോധിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ : നൂറു കണക്കിന് സർക്കാർ സ്കൂളുകൾ ഇന്ന് വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. മുകുന്ദപുരം ഗവൺമെൻറ് എൽ. പി. സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടിയെടുക്കുമോ, സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ സന്നദ്ധമായിട്ടും എന്തുകൊണ്ടാണ് സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ വൈമനസ്യം പ്രകടിപ്പിക്കുന്നത് എന്നും പറയാമോ ?

ശ്രീ. ടി. എം. ജേക്കബ് : സ്ഥലവും കെട്ടിടവും പൊതുജനങ്ങൾ സൗജന്യമായി നൽകിയാൽ സർക്കാർ സ്കൂളുകൾ അനുവദിക്കണമെന്നുള്ള നയത്തിൽ ഇന്ന് യാതൊരു മാറ്റവുമില്ല. ആ നയം തുടർന്ന് പോകാനാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്കൂളിന്റെ കാര്യം പ്രത്യേകമായിട്ട് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ട്രൈബൽ ഏരിയായിലും പട്ടികജാതിക്കാരുടെ മേഖലകളിലും ബെനിഫിഷ്യറീസ് കമ്മിറ്റി കെട്ടിക്കൊടുക്കേണ്ട ബിൽഡിംഗിനെസംബന്ധിച്ചിടത്തോളം എക്സംപ്ഷൻ കൊടുക്കാൻ നേരത്തെ ഒരു തീരുമാനമുണ്ടായിരുന്നു. അതായത് ആ പ്രദേശത്ത് ഇരുപത്തഞ്ചോ മുപ്പത്തിയഞ്ചോ ശതമാനത്തോളം ആദിവാസികളോ ഹരിജനങ്ങളോ ഉണ്ടെങ്കിൽ കെട്ടിടം കെട്ടിക്കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു എക്സംപ്ഷൻ നേരത്തേ ഉണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അത് ഉണ്ടോ, ഇല്ലെങ്കിൽ ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിഗണിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : പുതിയ ഗവൺമെൻറ് സ്കൂളുകൾ ആരംഭിക്കുമ്പോഴുള്ള വ്യവസ്ഥയെന്നു പറയുന്നത് ഇതിന്റെ സ്പോൺസറിങ്ങ് കമ്മിറ്റി അല്ലെങ്കിൽ ഇതിനായിട്ടു മുന്നോട്ടു വരുന്ന ആളുകൾ ആവശ്യമുള്ള സ്ഥലവും. കെട്ടിടവും നൽകുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ഹരിജനങ്ങളും ഗിരിജനങ്ങളും താമസിക്കുന്ന പ്രദേശത്തെ സംബന്ധിച്ചാണ്. അതിന് നേരത്തെ എക്സംപ്ഷൻ വ്യവസ്ഥയുണ്ടെങ്കിൽ ആ വ്യവസ്ഥ ഇപ്പോഴും തുടരുന്നുണ്ട്. അതിൽ മാറ്റമൊന്നുമുണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല.

Dr. A. Subba Rao : Sir, not a single school in Manjeswar constituency has been sanctiond by this Government, except two buildings under the antidisaster shelter. There are schools which have deposited the money and also there are schools which Administrative Sanction has been given and waiting for technical section, when we approach the P. W. D. Department they say that special sanction must come from the Education

LIBRARY ARCHIVES Kerala Legislative Assembly

Department. Whether the Education Department has given special sanction and may I know that at least before the ministry dissolves itself, at least one building will be sanctioned for the Manjeswar constituency which is a linguistic minority area.

ശ്രീ. ടി. എം. ജേക്കബ് : ഒരു കോടി 24 ലക്ഷം രൂപ പ്രൈമറിക്കും 44 ലക്ഷം രൂപ സെക്കൻഡറിക്കുമാണ്. നമ്മുടെ പ്ലാൻ ബഡ്ജറിലുള്ളത്. ഇപ്പോഴത്തെ ഓൺഗോയിംഗ് വർക്ക് തന്നെ തീരണമെങ്കിൽ, ഏകദേശം ഏഴു കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ആവശ്യപ്പെടുന്നത് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിരിക്കുന്ന അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഏതെങ്കിലും ഒരു സ്കൂളിനു ടെക്നിക്കൽ സാംഗ്ഷൻകൂടി കൊടുത്തിട്ട് ടേക്കോവർ ചെയ്യാൻ കഴിയുമെന്നുള്ളതാണ്. അത് ബഡ്ജറ്റ് അലോക്കേഷനു പുറത്ത് വരേണ്ടതായതുകൊണ്ടും നടപടിക്രമങ്ങൾ എന്താണെന്ന് ഒരു മന്ത്രിയായിരുന്ന അദ്ദേഹത്തിന് അറിയാമെന്നുള്ളതുകൊണ്ടും ആ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള സാവകാശം തരണമെന്നാണ് അദ്ദേഹത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : എന്റെ നിയോജകമണ്ഡലത്തിലെ പീച്ചിയിൽ ഒരു ഗിരിജൻ സ്കൂൾ ഉണ്ട്. അത്, ഒരു ഓലഷെഡ്ഡിലാണ് പ്രവർത്തിക്കുന്നത്. അത് പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ കഴിഞ്ഞതവണ ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ ഇന്നേവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. അതു കൂടാതെ ആശാരിക്കാട് മലയോരപ്രദേശങ്ങളാണ്. അശാരിക്കാട് ജി. യു. പി. എസ്., ചട്ടിളപ്പോം ജി. എച്ച്. എസ്, മജിക്കുന്ന് ജെ. ബി. എസ്,. മൂക്കിനിക്കര ജി. യു. പി. എസ്. പൊന്നാക്കര എൽ. പി. എസ്. തുടങ്ങിയ അഞ്ചു സ്കൂളുകളും വളരെ പരിതാപകരമായ സ്ഥിതിയിലാണ്. അവിടെ ചെന്നു കാണുന്നവർക്ക് അത് മനസ്സിലാക്കാം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അവിടം കാണാനായിട്ട് ക്ഷണിക്കുകയാണ്. ഇപ്പോൾ സ്ഥലമില്ലാതെ നട്ടം തിരിയുന്ന ആ ഹൈസ്കൂളിൽ കൂടുതൽ ക്ലാസ്മുറികൾ പണിയുന്നതിനും ഫെൻസിങ്ങ് നടത്തുന്നതിനും ഈ ഗിരിജൻ സ്കൂളിന് പ്രത്യേകമായ അനുമതി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തോട് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് വളരെ ഔദാര്യപൂർവ്വം പെരുമാറിയിട്ടുണ്ടെന്ന് ശ്രീ. രാഘവൻ പൊഴക്കടവിനു അറിയാം. അദ്ദേഹം ഇവിടെ നാലഞ്ചു സ്കൂളുകളുടെ കാര്യം പറഞ്ഞു. ഞാൻ ആദ്യം പറഞ്ഞ മറുപടിയിൽ ആ കാര്യം സൂചിപ്പിക്കുകയുണ്ടായി. പണത്തിന്റെ ലഭ്യതയനുസരിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. സി. കബീർ : വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ എല്ലാ ഗവൺമെന്റ് സ്കൂളുകൾക്കും പ്രശ്നങ്ങളുണ്ട് എന്നു പറഞ്ഞു. എന്നാൽ ഒറപ്പാലം ഗവൺമെന്റ് ഹൈസ്കൂളിന്റെ പ്രശ്നം അതല്ല. മൂന്നു ഷിഫ്റ്റ് ആയിട്ടാണ് പ്രവർത്തിക്കുന്നത്. ഈ സംസ്ഥാനത്ത് ആകെപ്പാടെ മൂന്നു ഷിഫ്റ്റ് ആയിട്ടു പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ഇതു മാത്രമാണ്. ആ ഗവൺമെന്റ് യു. പി. സ്കൂളിലാണ് ഇപ്പോൾ ഹൈസ്കൂൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് വിനയപൂർവ്വം ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുന്നത് ഒറപ്പാലം ഗവൺമെന്റ് ഹൈസ്കൂളിന് ഒരു കെട്ടിടം ഉടനെ ഉണ്ടാക്കിത്തരണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം എനിക്ക് തന്ന മെമ്മോറാണ്ടത്തിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. അവിടെ സൗകര്യമുണ്ടെന്നു അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഷിഫ്റ്റ് സമ്പ്രദായം അബോളിഷ് ചെയ്യാൻ ഓർഡർ കൊടുത്തിട്ടുണ്ട്. അത് ആ സ്കൂളുകളിൽ തന്നെയാണെങ്കിൽ ആ ഓർഡർ ഇംപ്ലിമെന്റു ചെയ്യുന്നതാണ്. അവിടെ സ്ഥലസൗകര്യമുണ്ടെങ്കിൽ തീർച്ചയായും ഷിഫ്റ്റ് അവസാനിപ്പിക്കും. ഗവൺമെന്റ് ഒരു നയമായിട്ട് എടുത്തിരിക്കുന്നത് നമ്മുടെ സ്കൂളുകളിൽ നിലവിലിരിക്കുന്ന ഷിഫ്റ്റും സെഷണൽ സിസ്റ്റവും എത്രയും പെട്ടന്ന് അവസാനിപ്പിക്കണമെന്നാണ്. സ്ഥലസൗകര്യം മാത്രമേ അതിന് ഒരു മാനദണ്ഡമായി എടുക്കുന്നുള്ളൂ. അഡീഷണൽ പോസ്റ്റ് ഞങ്ങൾ ഒരു പ്രശ്നമാക്കുന്നില്ല. അതുകൊണ്ട് സ്ഥലസൗകര്യമുണ്ടെങ്കിൽ തീർച്ചയായും ആ കാര്യം ചെയ്യാം.

കാലം ഇല്ലാത്തതിനാൽ പിരിച്ചുവിട്ട സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ

* 111. [113] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, കോടിയേരി ബാലകൃഷ്ണൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, ഒ. ഭരതൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ രാജിവച്ചതുകൊണ്ട് കാലം ഇല്ലെന്ന കാരണത്താൽ സംസ്ഥാനത്തെ ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ് പിരിച്ചു വിട്ടിട്ടുണ്ടോ ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ ഡിപ്പാർട്ടുമെന്റ് നോമിനേറ്റ് ചെയ്ത അംഗങ്ങൾ രാജിവെച്ചാൽ പകരം അംഗങ്ങളെ നോമിനേറ്റ് ചെയ്യാറുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഒരു സഹകരണ സംഘത്തിന്റെ കമ്മിറ്റിക്ക് കോറമില്ലാതെ വന്നാൽ ആ കമ്മിറ്റിയെ പിരിച്ചുവിടുന്ന പ്രശ്നമേ ഉദിക്കുന്നില്ല. കോറമില്ലാതെ വരുന്ന സമയം മുതൽ കമ്മിറ്റിയിൽ ശേഷിച്ച അംഗങ്ങൾ നിയമനുസൃതമായ കമ്മിറ്റി അല്ലാതായിത്തീരുന്നതും, സ്വയമേവതന്നെ നിലനില്പില്ലാതായി തീരുന്നതുമാണ്. ഇപ്രകാരം നിയമാനുസൃതം നിലനില്പില്ലാതായ കമ്മിറ്റിക്കുള്ള സഹകരണ സംഘങ്ങളിലെ ഭരണസ്തംഭനം ഒഴിവാക്കാൻ രജിസ്ട്രാർ സഹകരണ നിയമത്തിലെ 33-ാം വകുപ്പ് (1)-ാം ഉപവകുപ്പനുസരിച്ച് ഒരു താല്ക്കാലിക ഏർപ്പാടെന്ന നിലയിൽ മറ്റൊരു തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയെ സംഘടിപ്പിക്കുന്നതുവരെ അഡ്മിനിസ്ട്രേറ്ററേയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയേയോ നിയമിക്കാറുണ്ട്. കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഭരണ സമിതിയിലെ സർക്കാർ നോമിനികളായ രണ്ട് അംഗങ്ങളും ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗവും രാജിവച്ചതിനെത്തുടർന്ന് ഭരണ സമിതിയുടെ കാലം നഷ്ടപ്പെട്ടുവെന്നു കണ്ടതിനെത്തുടർന്ന് ബാങ്കിൽ ഭരണ സ്തംഭനം ഒഴിവാക്കണമെന്ന ഉത്തമവിശ്വാസത്തോടുകൂടി കേരള സഹകരണ

LIBRARY ARCHIVES Kerala Legislative Assembly